# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 1637.

21..3..2012-ൽ മറുപടിക്ക്

## ഭക്ഷ്യസുരക്ഷാ ഗുണനിലവാര അതോറിറ്റി (എഫ്.എസ്.എസ്.എ.ഐ.)യുടെ പരിശോധനാ ഫലത്തിലെ കണ്ടെത്തലുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ,<br>ശ്രീ. മഞ്ഞളാംകുഴി അലി,<br>ശ്രീ. കെ.എൻ.എ. ഖാദർ,<br>ശ്രീ. പി.കെ. ബഷീർ. | ശ്രീ. കെ.സി. ജോസഫ്.<br><br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്ന പാൽ ഗുണനിലവാരമില്ലാത്തതും മായം കലർന്നതുമാണെന്ന ഭക്ഷ്യ സുരക്ഷാ ഗുണനിലവാര അതോറിറ്റിയുടെ പരിശോധനാ ഫലത്തിലെ കണ്ടെത്തലുകൾ സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) & (ബി) ഇല്ല. |
| (ബി) പ്രസ്തുത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റ് വിളിച്ച അടിയന്തിര യോഗത്തിൽ സംസ്ഥാനം പങ്കെടുത്തിട്ടുണ്ടോ; എങ്കിൽ യോഗത്തിൽ എന്തെങ്കിലും തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ; വിശദ വിവരം നൽകാമോ; | |
| (സി) പാലിന്റെ ഗുണനിലവാരം ഉയർത്താനും മായം ചേർക്കുന്നതു കണ്ടെത്തി തടയാനും സംസ്ഥാനം സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (സി) 2011 ആഗസ്റ്റ് 5-ന് ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേഡേർഡ്സ് ആക്ട് നിലവിൽ വന്നതിനെ തുടർന്ന് പാലിന്റെ ഗുണനിലവാര പരിശോധനയും ആയതിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള അധികാരം ഫുഡ് സേഫ്റ്റി കമ്മീഷണറിൽ നിക്ഷിപ്തമാണ്. ഇക്കഴിഞ്ഞ ഓണക്കാലത്ത് പാൽ ഗുണനിലവാര പരിശോധനയ്ക്കുള്ള അധികാരം ക്ഷീരവികസന വകുപ്പിന് നല്കണമെന്ന് ഫുഡ് സേഫ്റ്റി കമ്മിഷണറോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതിന് മറ്റൊരു വകുപ്പിനെ |

അധികാരപ്പെടുത്തുവാൻ കഴിയുകയില്ലെന്ന് ഫുഡ് സേഫ്റ്റി കമ്മീഷണർ അറിയിച്ചിട്ടുണ്ട്. എങ്കിലും ക്ഷീരസംഘത്തിൽ അളക്കുന്ന പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തി ക്ഷീരകർഷകർക്ക് പരമാവധി വില ലഭ്യമാക്കുന്നതിന് ക്ഷീരവികസന വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനു വേണ്ടി സംഘത്തിലെ പാൽ ഗുണനിലവാര പരിശോധന നിരീക്ഷിക്കുന്നതിനും ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനും വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പാൽ ഗുണനിലവാരം സംബന്ധിച്ച് ക്ഷീരകർഷകർക്ക് ആവശ്യമായ ബോധവൽക്കരണ പരിപാടികളും നടത്തുന്നുണ്ട്.

| | |
|---|---|
| (ഡി) സംസ്ഥാന പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തന ഫലമായി 2011-ൽ ഇതുമായി ബന്ധപ്പെട്ട സ്വീകരിച്ച നടപടികളുടെ വിശദ വിവരം നൽകാമോ? | (ഡി) 2011-ൽ ക്വാളിറ്റി കൺട്രോൾ ഓഫീസർമാരുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും ലഭ്യമായ മാർക്കറ്റ് മിൽക്ക് സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, ഓണ കാലത്ത് 5 ചെക്ക് പോസ്റ്റുകളിൽ ഗുണനിലവാര പരിശോധനാ കേന്ദ്രങ്ങൾ സ്ഥാപിച്ച് അന്യ സംസ്ഥാനത്ത് നിന്നും കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന പാൽ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. ജില്ലാ ആസ്ഥാനങ്ങളിൽ ക്വാളിറ്റി ഇൻഫർമേഷൻ സെന്ററുകൾ സ്ഥാപിച്ച് പാൽ ഗുണനിലവാര പരിശോധന നടത്തുകയും ബോധവൽക്കരണം സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.